കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
ഗവേഷണ സ്ഥാപനം

# ഐ.ആർ.ടി.സി ന്യൂസ്‌ലെറ്റർ

IRTC

ആഗസ്റ്റ് 2021 | ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ | മുണ്ടൂർ, പാലക്കാട് | "ശാസ്ത്രം സാമൂഹ്യ വിപ്ലവത്തിന്"

## തോമസ് ഐസക്ക് ഐ.ആർ.ടി.സി.സന്ദർശിച്ചു

മുൻ ധനകാര്യമന്ത്രി ഡോ തോമസ് ഐസക്ക് ഐ.ആർ.ടി.സി.സന്ദർശിച്ചു. പാലക്കാട് ജില്ലയിലെ വിവിധപരിപാടികളുടെ ഭാഗമായാണ് അദ്ദേഹം ഐ.ആർ.ടി.സിയിലെത്തിയത്. മൂന്ന് ദിവസം നീണ്ട് നിന്ന സന്ദർശനത്തിനിടെ വിവിധ വകുപ്പ് മേധാവികളുമായും ഗവേഷകരുമായും സംവദിച്ചു. ഐ.ആർ.ടി.സിയുടെ ഭാവി പ്രവർത്തനങ്ങൾക്കു വേണ്ട ആശയങ്ങളും നിർദേശങ്ങളും പങ്കുവയ്ക്കുകയും ആശംസകൾ നേരുകയും ചെയ്തു.



നവീകരിച്ച പോട്ടറി വിഭാഗത്തിന്റെ ഉദ്ഘാടനം തോമസ് ഐസക് നിർവഹിച്ചപ്പോൾ

## വാക്സിൻ ചലഞ്ച്



ഐ.ആർ.ടി.സി ഹരിത സഹായ സ്ഥാപനമായി പ്രവർത്തിക്കുന്ന 65 തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഹരിതകർമസേനാംഗങ്ങളും കോർഡിനേറ്റർമാരും ചേർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ആദ്യ ഗഡുവായി ഒരു ലക്ഷം രൂപ നൽകി.

പാലക്കാട് ജില്ലാ കളക്ടർ മൃൺമയി ജോഷിക്ക് ഐ.ആർ.ടി.സി രജിസ്ട്രാർ കെ.കെ. ജനാർദ്ദനൻ ചെക്ക് കൈമാറി. ഹരിതകർമസേനയെ പ്രതിനിധീകരിച്ച് പുതുപ്പരിയാരം ഗ്രാമ പഞ്ചായത്തിലെ ഹരിതകർമസേനാ പ്രസിഡന്റ് മാലതി, കോർഡിനേറ്റർമാരെ പ്രതിനിധീകരിച്ച് ശാരിക, ഐ.ആർ.ടി.സിയിലെ ജൂനിയർ സയന്റിസ്റ്റ് ഡോ. ശ്രീധരൻ എന്നിവരും ഒപ്പമുണ്ടായിരുന്നു.

## സമത ഫെസ്റ്റ് 2021

ഐ.ആർ.ടി.സി സമത വില്ലേജിൽ ആരംഭിച്ച സമതാഫെസ്റ്റ് മുൻ മന്ത്രി തോമസ് ഐസക്ക് ഉദ്ഘാടനം ചെയ്തു. ആഗസ്റ്റ് 31 വരെ നീണ്ടു നിൽക്കുന്ന മേളയിൽ ഫലവൃക്ഷങ്ങൾ, ഖാദി-കൈത്തറി ഉൽപ്പന്നങ്ങൾ, മുള ഉൽപ്പന്നങ്ങൾ, വിത്തുകൾ, കാർഷിക ഉപകരണങ്ങൾ, സമത ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ പ്രദർശനവും വിൽപ്പനയും ഒരുക്കിയിട്ടുണ്ട്. 45 ഇനം പ്ലാവുകൾ, 40 ഇനം മാവുകൾ, ഇരുപതോളം തരത്തിലുള്ള തെങ്ങുകൾ, പേരയ്ക്ക, റംബൂട്ടാൻ, മാങ്കോസ്റ്റീൻ, ഡ്രാഗൺ ഫ്രൂട്ട് തുടങ്ങി 400 ഓളം വൈവിദ്ധ്യമാർന്ന ഫലവൃക്ഷങ്ങളുടെ തൈകളും മേളയിൽ ലഭ്യമാണ്.

Samata FEST 2021





## മൂന്നാറിൽ മാലിന്യ സംസ്കരണ പദ്ധതി



തണുത്ത കാലാവസ്ഥയിലും ജൈവമാലിന്യം സംസ്കരിച്ച് വളമാക്കാൻ മൂന്നാർ പഞ്ചായത്ത് പദ്ധതി തയ്യാറാക്കി. ഐ.ആർ.ടി.സിയാണ് പദ്ധതിക്ക് വേണ്ട ഗവേഷണ-സാങ്കേതിക സഹായങ്ങൾ ഒരുക്കുന്നത്. താഴ്ന്ന താപനിലയിലും ജൈവാവശിഷ്ടങ്ങളെ വളമാക്കാൻ ഐ.ആർ.ടി.സി വികസിപ്പിച്ചെടുത്ത പ്രത്യേക ഇനോക്കുലം അഥവാ ജൈവാണു മിശ്രിതമാണ് ഉപയോഗപ്പെടുത്തുന്നത്. ഇങ്ങനെ ഉൽപാദിപ്പിക്കുന്ന വളം വിപണിയിൽ എത്തിക്കും. ഇതു സംബന്ധിച്ച് നടന്ന യോഗങ്ങളിൽ ഐ.ആർ.ടി.സി ഹരിതസഹായസ്ഥാപനം സംസ്ഥാന കോഡിനേറ്റർ ടി.പി. ശ്രീശങ്കർ പഞ്ചായത്ത് അംഗങ്ങളോട് സംസാരിച്ചു.


ഐ.ആർ.ടി.സിയിൽ പുതുതായി നിർമിച്ച കോൺഫറൻസ് ഹാൾ


നവീകരിച്ച പോട്ടറി ഡിവിഷൻ

# പുതിയ മാറ്റങ്ങളുമായി ഐ.ആർ.ടി.സി

ഗ്രാമങ്ങളിലെ ജനജീവിതം മെച്ചപ്പെടണമെങ്കിൽ ഉൽപാദന പ്രവർത്തനങ്ങളിൽ നവീന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്താൻ കഴിയണം. ഏവർക്കും പ്രാപ്യമാകുന്ന തരത്തിൽ ഉചിതമായ സാങ്കേതികവിദ്യകൾ വികസിപ്പിച്ച് പ്രയോഗിക്കാനാവശ്യമായ അറിവും അന്തരീക്ഷവും ലഭ്യമാക്കണം. കൃഷിയിലും ചെറുകിട ഉൽപാദനത്തിലും പരമ്പരാഗത തൊഴിലുകളിലും സാങ്കേതികവിദ്യയോടൊപ്പം മനുഷ്യവിഭവത്തിന്റെ സംഘാടനരീതിയിലും മാറ്റങ്ങൾ വേണം. ഇക്കാര്യങ്ങളെല്ലാം അന്വേഷണവിഷയമാക്കുകയും, പുതുവഴികൾ തുറക്കുകയും ചെയ്യുന്ന പ്രയുക്ത ഗവേഷണ പ്രവർത്തനങ്ങളാണ് ഐ.ആർ.ടി.സി ഏറ്റെടുത്തിട്ടുള്ളത്.

ഐ.ആർ.ടി.സി ഇടപെട്ട് പ്രവർത്തിച്ച ചില മേഖലകളിൽ പുതിയ അറിവിടങ്ങൾ സൃഷ്ടിക്കുന്നതിനും അനുഭവപരിചയമാർജിക്കുന്നതിനും സാധ്യമായിട്ടുണ്ടെന്നത് അഭിമാനകരമാണ്. മാലിന്യപരിപാലനം, പ്രകൃതിവിഭവ പരിപാലനം എന്നിവ എടുത്തു പറയാം.

ഐ.ആർ.ടി.സിയുടെ ഗവേഷണ പഠനപ്രവർത്തനങ്ങളെ സാമൂഹ്യശാസ്ത്രത്തിന്റെ കാഴ്ച്ചപ്പാടിൽ വിശകലനം ചെയ്യുന്നതിന് സാമൂഹ്യശാസ്ത്രവിഭാഗവും ആധുനിക ഉപഗ്രഹ സാങ്കേതികവിദ്യാ സങ്കേതങ്ങളുപയോഗിച്ചുള്ള വിശകലനവും വിലയിരുത്തലും നടത്തുന്നതിന് വിദൂരസംവേദന സാങ്കേതികവിദ്യാ വിഭാഗവും പ്രവർത്തിച്ചു വരുന്നുണ്ട്. ജീവനോപാധി വികസന മേഖലയിൽ, പ്രത്യേകിച്ച് പാർശ്വവൽകൃത സമൂഹങ്ങളുടെ കാര്യത്തിൽ ശ്രദ്ധേയമായ ചില ഇടപെടലുകളും ഐ.ആർ.ടി. സിയുടേതായുണ്ട്.

ഇക്കാര്യങ്ങളെയെല്ലാം ജനാധികാരത്തിന്റെ വേദികളിലേക്ക് കൊണ്ടുവരുന്ന അധികാരവികേന്ദ്രീകരണം, വികേന്ദ്രീകൃതാസൂത്രണം തുടങ്ങിയ പ്രക്രിയകളിൽ ഐ.ആർ.ടി.സി ആദ്യം മുതൽക്കേ ഭാഗഭാക്കായിട്ടുള്ളത് സ്വാഭാവികമാണ്. ബദൽ ഉൽപാദനത്തിന്റെയും ഉപഭോഗത്തിന്റെയും സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന പരിഷത്ത് പ്രൊഡക്ഷൻ സെന്ററും കാര്യക്ഷമമായ നിർവഹണ സാധ്യതകളൊരുക്കുന്ന പ്രൊജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റും ഐ. ആർ.ടി.സിയുടെ ആശയങ്ങൾക്ക് പ്രയോഗരൂപം നൽകുന്നതിന് സഹായിക്കുന്നു.

പുതിയ കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് മുന്നോട്ട് പോകാൻ ഐ.ആർ.ടി.സിയുടെ മുന്നിലുള്ള വെല്ലുവിളികൾ ഏറെയാണ്. ഏറെ നവീകരണവും പുനഃസംഘാടനവും ആവശ്യമായി വരുന്നുണ്ട്. അതിനായുള്ള കാൽവെയ്പ്പുകൾക്ക് തുടക്കം കുറിക്കുകയാണ്. പരിസ്ഥിതിയുമായി ബന്ധപ്പെട്ട ബഹുവിഷയ മേഖലകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള ശ്രമവും ലബോറട്ടറി സംവിധാനങ്ങളുടെ ശക്തിപ്പെടുത്തലും പോട്ടറി ഉൾപ്പെടെയുള്ള എല്ലാ ജീവനോപാധി വിഭാഗങ്ങളുടെ സംയോജിത പ്രവർത്തനവുമെല്ലാം നാം ലക്ഷ്യമിടുന്നുണ്ട്.

ഒരു പരിശീലനകേന്ദ്രമെന്ന നിലയിലും ഐ.ആർ.ടി.സിയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്. കുട്ടികളുടെ പഠനകേന്ദ്രമെന്ന നിലയിലും ഐ.ആർ.ടി.സിക്ക് പ്രാധാന്യമേറി വരികയാണ്.

വിവിധ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി ഭക്ഷണശാല, ഹോസ്റ്റൽ, ലൈബ്രറി, കോൺഫറൻസ് ഹാൾ എന്നിവയോടൊപ്പം മത്സ്യകൃഷി, കൂൺകൃഷി വിഭാഗങ്ങൾ, ലബോറട്ടറികൾ, എന്നിവ നവീകരിക്കുന്നതിനും കിഴങ്ങുവിള പ്രദർശനത്തോട്ടം, ഫലവൃക്ഷത്തോട്ടം, മിയാവാക്കി വനം തുടങ്ങി വിവിധ മാതൃകകൾ ക്യാമ്പസിൽ ഒരുക്കുന്നതിനും കൂട്ടായ പരിശ്രമമാണ് നടത്തിയിട്ടുള്ളത്. കഴിഞ്ഞ കുറെ മാസങ്ങളായി പ്രതികൂല സാഹചര്യങ്ങളെ നേരിട്ട് ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായ എല്ലാവർക്കും അഭിവാദനങ്ങൾ.

**– കെ.കെ. ജനാർദ്ദനൻ**
രജിസ്ട്രാർ



## നബാർഡ് ടി.ഡി.എഫ് വാടി

# രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കമായി

നിലമ്പൂർ: നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ചാലിയാർ, ഊർങ്ങാട്ടിരി പഞ്ചായത്തുകളിലായി നടപ്പിലാക്കുന്ന ടി.ഡി.എഫ് വാടി പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അനുവദിച്ച 150 വീടുകൾക്കുള്ള തൈകളുടെ വിതരണോൽഘാടനം ചാലിയാർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മനോഹരൻ നിർവ്വഹിച്ചു.

ഊർങ്ങാട്ടിരി പഞ്ചായത്തിലെ വെണ്ടക്കാംപൊയിൽ കോളനിയിൽ കാപ്പി, കുരുമുളക് എന്നീ തൈകൾ കർഷകർക്ക് നൽകി വാർഡ് മെമ്പർ ടെസി ഉദ്ഘാടനം നിർവ്വഹിച്ചു.

ആദിവാസി കർഷകർക്ക് സ്ഥിരം തൊഴിലും വരുമാനവുമൊരുക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയിൽ 403 കുടുംബങ്ങളാണ് ഗുണഭോക്താക്കളായുള്ളത്. പദ്ധതിയുടെ ഭാഗമായി ആരംഭിച്ച 'നവജ്യോതി' ട്രൈബൽ നഴ്സറിയിൽ തന്നെയാണ് വിതരണത്തിനാവശ്യമായ തൈകൾ ഉൽപാദിപ്പിക്കുന്നത്.

നിലമ്പൂർ ട്രൈബൽ നഴ്സറിയിൽ വിതരണത്തിന് തയ്യാറായ തൈകൾ



**കർമനിരതരായ്:**

കോവിഡിനൊപ്പം പ്രളയവും വെള്ളക്കെട്ടും കൂടിയായപ്പോൾ കുട്ടനാട്ടിൽ ഹരിതകർമസേനയുടെ പ്രവർത്തനം ഏറെ ബുദ്ധിമുട്ട് നിറഞ്ഞതായി മാറിയിരിക്കുയാണ്.

പ്രതിസന്ധികൾക്കിടയിലും തങ്ങളുടെ ജോലി കൃത്യമായി ചെയ്യാൻ അവർ അതീവശ്രദ്ധ ചെലുത്തുന്നു. മാലിന്യസംസ്കരണത്തിൽ ഐ.ആർ.ടി.സി സാങ്കേതിക സഹായം നല്കി വരുന്ന രാമങ്കരി പഞ്ചായത്തിൽ നിന്നുമുള്ള ദൃശ്യം.

# വെള്ളക്കെട്ടിലെ മാലിന്യം

## ശാസ്ത്രീയ വഴി തേടി ഐ.ആർ.ടി.സി.

അടിക്കടിയുള്ള വെള്ളക്കെട്ടുകളും പ്രളയവും ആലപ്പുഴ ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിൽ വലിയ മാലിന്യ പ്രശ്നമാണ് ഉയർത്തിക്കൊണ്ടിരിക്കുന്നത്. വിസർജ്യ മാലിന്യങ്ങളുടെ കാര്യത്തിൽ സ്ഥിതി അതീവ ഗുരുതരമാണ്. പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്താനുള്ള ശ്രമം തുടങ്ങിയിരിക്കുകയാണ് ഐ.ആർ.ടി.സി. പരിഹാരനിർദേശങ്ങൾ പരിശോധിക്കുന്നതിനായി ഐ.ആർ.ടി .സിയുടെ നേതൃത്വത്തിൽ ഓൺലൈൻ ആയി നടത്തിയ ആദ്യ ഘട്ട ചർച്ച വിജയകരമായി പൂർത്തിയായി.

കുട്ടനാടിനും പ്രളയ സാധ്യതാ പ്രദേശങ്ങൾക്കും യോജിച്ച കക്കൂസും സെപ്റ്റിക് ടാങ്കും വികസിപ്പിക്കുന്നതിനു വേണ്ടി ആവശ്യമായ നടപടികൾ അതിവേഗം പൂർത്തിയാക്കാൻ ചർച്ചയിൽ തീരുമാനമായി. ഈ രംഗത്തെ പഴയകാല അനുഭവങ്ങൾ, പ്രതിസന്ധികൾ, പുതിയ അനുഭവങ്ങളും സാധ്യതകളും യോഗത്തിൽ ചർച്ച ചെയ്തു.

ശുചിത്വമിഷൻ ടെക്നിക്കൽ ഡയറക്ടർ ആയിരുന്ന ഡോ. ദിലീപ് കുമാർ, സമുദ്ര ഷിപ്പ് യാർഡ് സി.ഇ.ഒ. ഡോ. ജീവൻ കുമാർ, മുംബൈ ഐ.ഐ.ടിയിൽ നിന്ന് പ്രൊഫ. എൻ.സി. നാരായണൻ, കോസ്റ്റ്ഫോഡ് ഡയറക്ടർ പി.ബി.സാജൻ, ഡിവാട്ട്സ് സൊസൈറ്റി ഓഫ് ഇന്ത്യ വൈസ് പ്രസിഡന്റ് ലത, പ്രൊഫ. എൻ. സുനിൽ, ചമ്പക്കുളം ബി.ഡി.ഒ. മഞ്ജു തുടങ്ങിയവർ ചർച്ചകൾ നയിച്ചു.

ഐ.ആർ.ടി.സി ഡയറക്ടർ ഓഫ് റിസർച്ച് പ്രൊഫ. പി.കെ. രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. രജിസ്ട്രാർ കെ.കെ.ജനാർദ്ദനൻ സ്വാഗതം ആശംസിച്ചു. മുംബൈ ഐ.ഐ.ടിയിലെ വിദ്യാർത്ഥി രോഹിത് ജോസഫ് ഐ.ആർ.ടി.സിക്ക് വേണ്ടി വിഷയാവതരണം നടത്തി. ഐ.ആർ.ടി.സി ഡയറക്ടർ ഡോ. എസ്. ശ്രീകുമാർ, മാലിന്യപരിപാലന വിഭാഗം മേധാവി ഡോ. പി. എൻ. ദാമോദരൻ, എൻവയോൺമെന്റ് എഞ്ചിനീയർ സാന്ദ്രാ ജോസഫ് എന്നിവരും പങ്കാളികളായി.

# നാടിനൊപ്പം കൈകോർത്ത്

ഐ.ആർ.ടി.സി. രൂപീകരിച്ച നീർത്തട സമിതി അംഗങ്ങൾ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ



## കോവിഡ് ടെസ്റ്റിംഗ് ക്യാമ്പ്

എരുത്തേമ്പതി ഗ്രാമപഞ്ചായത്ത്, പഴയനിയാർപാളയം നീർത്തട സമിതി, ഒഴലപ്പതി ആരോഗ്യ കേന്ദ്രം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ എരുത്തേമ്പതി എ.യു.പി സ്കൂളിൽ വച്ച് കോവിഡ് പരിശോധനാ ക്യാമ്പ് നടത്തി. സമിതി ഭാരവാഹികൾ, ഐ.ആർ.ടി.സി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

## പൂതനക്കയത്ത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

പൂതനക്കയം നീർത്തട സമിതി ഭാരവാഹികളിൽ നിന്ന് കിഴക്കഞ്ചേരി ഫാമിലി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ ഷീന സ്റ്റർലിൻ മാസ്ക്, പൾസ് ഓക്സീ മീറ്ററുകൾ, സാനിറ്റൈസർ എന്നിവ ഏറ്റുവാങ്ങി. സമിതി ഭാരവാഹികൾ, സെക്രട്ടറി തോമസ് മാത്യൂ, പ്രസിഡന്റ് സണ്ണി, ഫീൽഡ് സൂപ്പർവൈസർ ഷിനി, ഐ.ആർ.ടി.സി പ്രതിനിധിയായി നിഖിൽ, കെ.ജി.എസ് ലേഖ (ഹെൽത്ത് ഇൻസ്പെക്ടർ കിഴക്കഞ്ചേരി) എന്നിവർ പരിപാടിയിൽ പങ്കെടുത്തു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഫാമിലി ഹെൽത്ത് സെന്ററിന് എല്ലാവിധ സഹായ സഹകരണങ്ങളും നൽകുമെന്ന് ഭാരവാഹികൾ ഉറപ്പു നൽകി.

## കോവിഡ് പ്രതിരോധ ഉപകരണങ്ങൾ നൽകി

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ചാഴിയാട്ടിരി നീർത്തട സമിതി നാഗലശ്ശേരി പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട ആർ.ആർ. ടി വളണ്ടിയർമാർക്ക് പി.പി. കിറ്റ്, ഐസൊലേഷൻ ഗൗൺ, മാസ്ക്, സാനിറ്റൈസർ എന്നിവ കൈമാറി. ചടങ്ങിൽ സമിതി പ്രസിഡന്റ് എ. കുട്ടിനാരായണൻ, വൈസ് പ്രസിഡന്റ് പി.പി. മാനു ഐ.ആർ. ടി.സി പ്രതിനിധി ഷിബു പി., സൂപ്പർവൈസർ കുമാരി, ആർ.ആർ.ടി വളണ്ടിയർമാർ തുടങ്ങിയവർ പങ്കെടുത്തു.

## ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തു



പൂതനക്കയം നീർത്തട പ്രദേശത്തെ നിർധനരായ മുപ്പത് കുടുംബങ്ങൾക്ക് വാർഡ് മെമ്പർ ഷാജി ജോണിന്റെ (പോപ്പി) സാന്നിധ്യത്തിൽ ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്തു. പ്രസ്തുത പരിപാടിയിൽ നീർത്തട വികസന സമിതി സെക്രട്ടറി തോമസ് മാത്യു, പ്രസിഡന്റ് സണ്ണി, മറ്റു നീർത്തട സമിതി അംഗങ്ങളും ഐ.ആർ. ടി.സി പ്രതിനിധികളായി നിഖിൽ കെ.വി., വൈശാഖ് പി.എൻ. എന്നിവരും പങ്കെടുത്തു.

## പ്രതിസന്ധിയിൽ സഹായകമായി അടുക്കളത്തോട്ടങ്ങൾ


KfW സോയിൽ പ്രോജക്റ്റ് പൂതനക്കയം പദ്ധതിയിൽ നടപ്പിലാക്കിയ ന്യൂട്രിഷൻ ഗാർഡൻ പദ്ധതി പരിപൂർണ വിജയത്തിലേയ്ക്ക്. നീർത്തട സമിതിയുടെ നേതൃത്വത്തിൽ വിതരണം ചെയ്ത പച്ചക്കറി തൈകളും വിത്തുകളും നിലവിൽ വിളവെടുപ്പിന് പാകമായി. ലോക് ഡൗൺ സമയത്തെ ബുദ്ധിമുട്ടുകളിൽ ഇത്തരം അടുക്കളത്തോട്ടങ്ങളും പച്ചക്കറികളും സാധാരണക്കാർക്ക് സഹായകമാണ് എന്ന് ഉപഭോക്താക്കൾ അഭിപ്രായപ്പെട്ടു.



അടുക്കളത്തോട്ടങ്ങൾക്കായുള്ള പച്ചക്കറി തൈകൾ വിതരണം ചെയ്യപ്പോൾ



അഞ്ചാംമൈൽ നീർത്തടവികസന സമിതിയുടെ നേതൃത്വത്തിൽ നടന്ന ഡെയ്ഞ്ച വിത്തുകളുടെ വിതരണം



ചാഴിയാട്ടിരിയിൽ കിണർ റീച്ചാർജിംഗ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു

### അഞ്ചാംമൈൽ നീർത്തടത്തിൽ
# വിത്ത് വിതരണം

ഐ.ആർ.ടി.സി നബാർഡ് KfW സോയിൽ പദ്ധതിയുടെ ഭാഗമായി അഞ്ചാം മൈൽ നീർത്തടത്തിലെ നെൽകർഷകർക്ക് 2450 കിലോ ഡെയ്ഞ്ച വിത്തുകൾ വിതരണം ചെയ്തു.

വളച്ചെടി എന്നറിയപ്പെടുന്ന ഇവ നെൽകൃഷിക്ക് മുമ്പ് മണ്ണിലെ നൈട്രജന്റെ അളവ് വർധിപ്പിക്കാൻ സഹായിക്കുന്നു.

മണ്ണ്-ജല സംരക്ഷണത്തിലൂടെ കാലാവസ്ഥാ മാറ്റത്തെ ചെറുക്കാനുള്ള വിവിധ പ്രവർത്തനങ്ങളാണ് പാലക്കാട് ജില്ലയിലെ എട്ട് നീർത്തടങ്ങളിലായി ഐ.ആർ.ടി.സി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

### ചാഴിയാട്ടിരി നീർത്തടത്തിൽ
# കിണർ റീച്ചാർജ്

നബാർഡ് KfW സോയിൽ പദ്ധതിയുടെ ഭാഗമായി ചാഴിയാട്ടിരി നീർത്തടത്തിൽ കിണർ റീചാർജിംഗ് പ്രവർത്തനം പുരോഗമിക്കുന്നു. ആകെ അനുവദിച്ച 25 എണ്ണത്തിൽ 21 എണ്ണം പൂർത്തിയായി. പ്രാദേശികമായി സംഘടിപ്പിച്ച പരിശീലനത്തിലൂടെ വൈദഗ്ധ്യം നേടിയ നീർത്തട പരിധിയിൽ ഉൾപ്പെടുന്ന ഹരിദാസ്, മണികണ്ഠൻ, ശശി, സത്യപാലൻ എന്നിവരാണ് പ്രവർത്തനം ചെയ്തു വരുന്നത്.

# ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു

ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ജൂൺ അഞ്ചിന് കൊന്നക്കൽക്കടവ് നീർത്തട സമതി നേതൃത്വത്തിൽ നീർത്തട പ്രദേശത്തെ കർഷകർക്ക് ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു. കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കവിത മാധവൻ ഉദ്ഘാടനം നിർവ്വഹിച്ചു. വില്ലേജ് നീർത്തട സമിതി മെമ്പർ വി. കെ. സണ്ണി സ്വാഗതം ആശംസിച്ചു. നീർത്തടക്കമ്മിറ്റി പ്രസിഡന്റ് എം.ടി. കാസിം അധ്യക്ഷനായി. തുടർന്ന് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. രാധാകൃഷ്ണൻ, വാർഡ് മെമ്പർ രവീന്ദ്രൻ, KfW പ്രോജക്റ്റ് മാനേജർ വൈശാഖ് പി.എൻ., നീർത്തട സമിതി വൈസ് പ്രസിഡന്റ് ജോർജ് പാറയ്ക്കൽ എന്നിവർ ആശംസാ പ്രസംഗം നടത്തി. നീർത്തട പ്രദേശത്തെ ഏതാനും കർഷകരും ഐ.ആർ.ടി.സി പ്രതിനിധി നിഖിൽ കെ.വി., ഫീൽഡ് സൂപ്പർവൈസർ ഷഫീന സി. എന്നിവർ പങ്കെടുത്തു.





# വെബിനാർ

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കൊന്നക്കൽക്കടവ്, പൂതനക്കയം നീർത്തട സമിതികൾ സംയുക്തമായി സംഘടിപ്പിച്ച വെബിനാറിൽ "കാലാവസ്ഥാ വ്യതിയാനവും ഭക്ഷ്യസുരക്ഷയും" എന്ന വിഷയത്തിൽ ഐ.ആർ.ടി.സി. പ്രകൃതിവിഭവ പരിപാലന വിഭാഗം മേധാവി ആർ. സതീഷ് പങ്കെടുത്ത് സംസാരിച്ചു.

"ഐ.ആർ.ടി.സി ആരംഭിച്ച നീർത്തട വികസന പ്രവർത്തനങ്ങൾക്ക് ഏറെ പ്രാധാന്യമുള്ള കാലഘട്ടത്തിലൂടെയാണ് സമൂഹം കടന്നുപോകുന്നത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കൂടുതൽ വെല്ലുവിളികൾ സൃഷ്ടിക്കുന്നത് സാധാരണ ജനങ്ങൾക്കും കൃഷിക്കാർക്കുമാണ്. പ്രകൃതിസംരക്ഷണം പൂർണമായ അർത്ഥത്തിൽ സാധ്യമാക്കാനുള്ള പ്രവർത്തനങ്ങളാണ് അവലംബിക്കേണ്ടത്"- അദ്ദേഹം അഭിപ്രായപ്പെട്ടു. ഓൺലൈനായി നീർത്തട സമിതി നടത്തിയ ആദ്യ പരിപാടിയായിരുന്നു ഈ വെബിനാർ.



# സ്നേഹക്ക് ഇനി വീടിന്റെ തണൽ

തോമസ് ഐസക്ക് 2021ലെ ബഡ്ജറ്റ് പ്രസംഗം ആരംഭിച്ചത് സ്നേഹയുടെ കവിതയിലൂടെയായിരുന്നു. ഈ കൊച്ചു മിടുക്കിയെ അദ്ദേഹം നേരിട്ട് വിളിച്ചപ്പോൾ തന്റെ സ്കൂളിന് വേണ്ട സഹായമാണ് അവൾ അഭ്യർത്ഥിച്ചത്. തങ്ങളുടെ ജീവിത സാഹചര്യത്തെ കുറിച്ചോ ആവശ്യങ്ങളെ കുറിച്ചൊ ഒന്നും പറഞ്ഞില്ല. എന്നാൽ എം.എൽ.എ. കെ.ഡി. പ്രസേനൻ വഴി സ്നേഹയുടെ ജീവിത സാഹചര്യങ്ങളെക്കുറിച്ച് മനസ്സിലാക്കിയ അദ്ദേഹം സൗഹൃദ കൂട്ടായ്മ വഴി സ്നേഹയ്ക്ക് ഒരു വീടൊരുക്കാൻ നേതൃത്വം നല്കി. ഐ.ആർ.ടി.സി. പി.പി. സിയ്ക്കായിരുന്നു നിർമാണ ചുമതല. ഏപ്രിലിൽ ആരംഭിച്ച പണി മൂന്ന് മാസം കൊണ്ട് പൂർത്തിയാവുകയും ആഗസ്റ്റ് രണ്ടിന് തോമസ് ഐസക്കിന്റെ തന്നെ സാന്നിധ്യത്തിൽ താമസം ആരംഭിക്കുകയും ചെയ്തു. ചിതലി കല്ലയംകോണം കണ്ണന്റെയും രമാദേവിയുടെയും മകളാണ് സ്നേഹ, രുദ്രയാണ് സഹോദരി.



# പരിസ്ഥിതി ദിനാചരണം

ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി ഐ.ആർ. ടി.സി. പരിഷദ് യൂണിറ്റിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ക്യാമ്പസിലും പരിസര പ്രദേശങ്ങളിലും തൈകൾ നട്ടു. ആവാസ വ്യവസ്ഥ പുനഃസ്ഥാപനം; സാധ്യതകളും വെല്ലുവിളികളും എന്ന വിഷയത്തിൽ സംഘടിപ്പിച്ച ഓൺലൈൻ പ്രഭാഷണത്തിൽ ഐ.ആർ.ടി.സി ജൂനിയർ സയിന്റിസ്റ്റ് ഡോ. ശ്രീധരൻ കെ. സംസാരിച്ചു.

# പ്രോഗ്രസ് റിപ്പോർട്ട് പ്രകാശനം ചെയ്തു

ഐ.ആർ.ടി.സി ഹരിതസഹായ സ്ഥാപനമായി പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യപരിപാലന പ്രവർത്തനങ്ങളെ വിലയിരുത്തി തയ്യാറാക്കിയ പ്രോഗ്രസ് റിപ്പോർട്ട് മുൻ മന്ത്രി ഡോ. ടി.എം. തോമസ് ഐസക് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾക്ക് നൽകി പ്രകാശനം ചെയ്തു. കേരളത്തിൽ ഇത്തരത്തിൽ തയ്യാറാക്കുന്ന ആദ്യ പ്രോഗ്രസ് റിപ്പോർട്ടാണ് ഇത്. കഴിഞ്ഞ രണ്ടു വർഷക്കാലം 120 ഓളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിതസഹായസ്ഥാപനമായി ഐ.ആർ.ടി.സി പ്രവർത്തിച്ചുവരുന്നു.



## ഗ്രാമപഞ്ചായത്തുകൾക്ക്
# കോവിഡ് പ്രതിരോധ സാമഗ്രികൾ വിതരണം ചെയ്തു

മുണ്ടൂർ, പുതുപ്പരിയാരം, കാരാകുറുശ്ശി, കോട്ടോപ്പാടം ഗ്രാമപഞ്ചായത്തുകളിലേക്ക് ഇന്റുബേഷൻ ബോക്സ്, ഫേസ് ഷീൽഡ്, കോവിഡ് സേഫ്റ്റി കീ തുടങ്ങിയ കോവിഡ് പ്രതിരോധ സാമഗ്രികൾ വിതരണം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രതിനിധികളും, ആരോഗ്യ പ്രവർത്തകരും കിറ്റുകൾ ഏറ്റുവാങ്ങി. ഐ.ആർ.ടി.സി റിസർച്ച് ഡയറക്ടർ പ്രൊഫ. പി.കെ. രവീന്ദ്രൻ മുണ്ടൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ലക്ഷ്മണന് നൽകി കൊണ്ട് ഉൽഘാടനം നിർവഹിച്ചു. ഐ.ആർ.ടി.സി ലൈസൺ ഓഫീസർ പി.വി. ജോസഫ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എം. രാമചന്ദ്രൻ, വി.സി. ശെൽവരാജ്, സജിൽ പി., ഭാഗീരഥി വി. എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# ഐ.ആർ.ടി.സി– നബാർഡ് KfW സോയിൽ പദ്ധതി പുരോഗമിക്കുന്നു



പഴനിയാർപാളയം നീർത്തടത്തിൽ ആരംഭിച്ച അസോള യൂണിറ്റ്



ചാഴിയാട്ടിരി നീർത്തടത്തിൽ ജീവനോപാധി പ്രവർത്തനങ്ങൾക്കായി ആറ് യൂണിറ്റുകൾക്ക് ലോൺ അനുവദിച്ചു. പശു വളർത്തൽ, ആട്ട വളർത്തൽ, കോഴി വളർത്തൽ എന്നിവക്കാണ് നിലവിൽ ലോൺ നൽകിയിട്ടുള്ളത്.



പച്ചക്കറി കൃഷിക്കാവശ്യമായ തൈവിതരണം നടുപ്പതി–മുട്ടിച്ചിറ നീർത്തടത്തിൽ നടന്നപ്പോൾ



പഴനിയാർ പാളയത്തെ റീസർക്കുലേറ്ററി അക്വാകൾച്ചർ യൂണിറ്റ്



KfW സോയിൽ പ്രോജക്റ്റ് കൊന്നക്കൽ കടവ് നീർത്തടത്തിൽ 2 $m^3$ ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു



നാഗലശ്ശേരി നീർത്തടത്തിൽ ഇടവിള കൃഷിയായി നട്ട ഇഞ്ചിയും മഞ്ഞളും

# പുതിയ നിയമനങ്ങൾ



**പി. മുരളീധരൻ**
രജിസ്ട്രാർ,
ഐ.ആർ.ടി.സി



**എ.എം. ബാലകൃഷ്ണൻ**
സെക്രട്ടറി, IRTC–PIU



**ഡോ. സുമ വിഷ്ണുദാസ്**
വകുപ്പ് മേധാവി,
സോഷ്യൽ സയൻസ് ഡിവിഷൻ



**ഡോ. വീണ ജോർജ്ജ് എം.**
(എൻവയോൺമെന്റ്
ഡിവിഷൻ)



**ഡോ. ഹനീഷ് മുഹമ്മദ് സി. എച്ച്**
(എൻവയോൺമെന്റ് ഡിവിഷൻ)



**ഡോ. കെ. ശ്രീധരൻ**
(എൻവയോൺമെന്റ് ഡിവിഷൻ)



**രാംനാഥ് കെ.ആർ.**
(സോഷ്യൽ സയൻസ് ഡിവിഷൻ)



**ഡോ. തസീം ബി.**
(സോളിഡ് വേസ്റ്റ്
മാനേജ്മെന്റ് ഡിവിഷൻ)



**ഡോ. ലിജിഷ എ.ടി.**
(നാച്ചുറൽ റിസോഴ്സ്
മാനേജ്മെന്റ് ഡിവിഷൻ)



**ഡോ. വിനയ കെ.കെ.**
(സോളിഡ് വേസ്റ്റ്
മാനേജ്മെന്റ് ഡിവിഷൻ)



**ചിത്രജിത്ത് ബി.**
(സോളിഡ് വേസ്റ്റ്
മാനേജ്മെന്റ് ഡിവിഷൻ)

## ചുമതല ഒഴിഞ്ഞു



**കെ. കെ. ജനാർദ്ദനൻ**
കഴിഞ്ഞ മൂന്ന് വർഷം രജിസ്ട്രാറായിരുന്നു.
ആഗസ്റ്റ് 2 ന് കാലത്ത് ചുമതല ഒഴിഞ്ഞു



**എ. കെ. മാത്യു**
കഴിഞ്ഞ മൂന്ന് വർഷം പി.ഐ.യു
സെക്രട്ടറിയായിരുന്നു. ജൂലൈ 1 ന്
കാലത്ത് ചുമതല ഒഴിഞ്ഞു

## 58–ാമത് പരിഷത്ത് സമ്മേളനം സമാപിച്ചു

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ 58–ാമത് സംസ്ഥാന സമ്മേളനം ഓൺലൈനായി നടന്നു. പ്രശസ്ത വൈറോളജിസ്റ്റ് ഡോ. ഷാഹിദ് ജമീൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ പുതിയ ഭാരവാഹികളായി പ്രസിഡന്റ് ഒ.എം. ശങ്കരൻ, ജനറൽ സെക്രട്ടറി പി. ഗോപകുമാർ, ട്രഷറർ എം. സുജിത് എന്നിവരെ തിരഞ്ഞെടുത്തു.



പുതുതായി നിർമിച്ച ഐ.ആർ.ടി.സി കാന്റീൻ



ഐ.ആർ.ടി.സി ക്യാമ്പസിലൊരുക്കുന്ന മിയാവാക്കി വനം



ക്യാമ്പസിൽ സജ്ജമായ 7 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണി

**Published by Integrated Rural Technology Centre**
Mundur, Palakkad | Ph: 0491-2862324, 2862663 | E-mail ID: mail@irtc.org.in
Editor: Akhila M. | Design & Layout: Prajeesh A.